## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊന്നാനി ഉപജില്ല കേരള സ്കൂൾ കലോത്സവം 2017-18 - ഉപജില്ല പരിധിയിൽ വരുന്ന പെരുമ്പടപ്പ്, മാറഞ്ചേരി, വെളിയങ്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊന്നാനി മുനിസിപ്പാലിറ്റിയിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3712/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 18/11/2017

---

പരാമർശം:- 1. പൊന്നാനി ഉപജില്ലാ സ്കൂൾ കലോത്സവ ജനറൽ കൺവീനറുടെ 01/11/2017 ലെ കത്ത്.
2. സ.ഉ.(സാധാ)58/06/തസ്വഭവ തീയതി 16/02/2006.

## ഉത്തരവ്

30-ാമത് പൊന്നാനി ഉപജില്ല സ്കൂൾ കലോത്സവം 2017 നവംബർ 20, 21, 22, 23 തീയതികളിൽ നടക്കുന്നതായും ടി മേളയുടെ സംഘാടന ചെലവുകൾക്ക് പൊന്നാനി ഉപജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പെരുമ്പടപ്പ്, മാറഞ്ചേരി, വെളിയങ്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, പൊന്നാനി മുനിസിപ്പാലിറ്റിയിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊന്നാനി എം.ഐ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടക്കുന്ന പൊന്നാനി ഉപജില്ല സ്കൂൾ കലോത്സവം 2017-18 ന്റെ സംഘാടന ചെലവുകൾക്കായി പൊന്നാനി മുനിസിപ്പാലിറ്റിയിൽ നിന്നും പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപയും പെരുമ്പടപ്പ്, മാറഞ്ചേരി, വെളിയങ്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 25,000/- (ഇരുപത്തയ്യായിരം) രൂപ വീതവും, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 25,000/- (ഇരുപത്തയ്യായിരം) രൂപയും സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന മുനിസിപ്പാലിറ്റിക്കും ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തിനും പൊന്നാനി ഉപജില്ല സ്കൂൾ കലോത്സവ ജനറൽ കൺവീനർ (പ്രിൻസിപ്പാൾ, എം.ഐ ഹയർ സെക്കണ്ടറി സ്കൂൾ) ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റി (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പാൾ, എം.ഐ. ഹയർ സെക്കണ്ടറി സ്കൂൾ, പൊന്നാനി
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊന്നാനി
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ